പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 166</u>

<u>09.06.2014 ൽ മറുപടി പറയേണ്ടിയിരുന്നത്</u>

## <u>ക്രമസമാധാനരംഗത്തെ നേട്ടങ്ങൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ജോസഫ് വാഴക്കൻ<br>,, പി.എ. മാധവൻ<br>,, വി.പി. സജീന്ദ്രൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാനരംഗത്ത് ദേശീയതലത്തിൽ കേരളം ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) യും (ബി) യും | ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യാ ടുഡേ' വാർഷിക സർവ്വേയിൽ കഴിഞ്ഞ ഒരു വർഷത്തെ ക്രമസമാധാന പാലനത്തിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ'യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഓരോ സ്ഥലത്തെയും ജനസംഖ്യയും ക്രൈംറേറ്റും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിക്കുകയും, കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു. ജനമൈത്രി പോലീസ് സംവിധാനം, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, 'ഓപ്പറേഷൻ കുബേര', സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിന്റെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജനങ്ങൾ ടി പദ്ധതികളുമായി കൂടുതൽ സഹകരിക്കുന്നതിനാൽ ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. |

| | |
|---|---|
| (ഡി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ജനങ്ങളുടെ സൈ്വര ജീവിതം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലം വരെ അവലോകനയോഗങ്ങൾ കൂടി നടപടി സ്വീകരിക്കാറുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായി വിവിധ സന്നദ്ധ സംഘടനകളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികളും സെമിനാറുകളും നടത്തുന്നുണ്ട്. 'നിർഭയകേരളം സുരക്ഷിതകേരളം' പോലുള്ള പദ്ധതികൾ നടപ്പിലാക്കി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ